അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റുകൾ

1616. [2406] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എത്ര പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) എവിടെയെല്ലാം ;

(സി) പ്രസ്തുത യൂണിറ്റുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്, ഏതെല്ലാം ഉൽപ്പന്നങ്ങളാണ് 'ജോതി' എന്ന പേരിൽ വിതരണം ചെയ്യുന്നത് ?

ഉത്തരം

(എ) ഒരു പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത യൂണിറ്റ് പുനലൂരിൽ പ്രവർത്തിക്കുന്നു.

(സി) പഴവർഗ്ഗങ്ങൾ സംസ്ക്കരിച്ച് വിപണനം നടത്തുക എന്നതാണ് ഈ യൂണിറ്റിന്റെ ഉദ്ദേശലക്ഷ്യം. കൈതച്ചക്ക, മാമ്പഴം, മുന്തിരി, ഓറഞ്ച് എന്നീ പഴവർഗ്ഗ ഉൽപ്പന്നങ്ങളും മാങ്ങ, നാരങ്ങ മുതലായവയുടെ അച്ചാറുകളും ആണ് "ജോതി" എന്ന പേരിൽ വിതരണം ചെയ്യുന്നത്.

അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പമ്പുസെറ്റ് ഉൽപ്പാദനം

1617. [2407] ശ്രീമതി. കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്നു മുതലാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പമ്പുസെറ്റ് ഉൽപ്പാദനം ആരംഭിച്ചത് ;

(ബി) ഇതിനകം എത്ര പമ്പുസെറ്റുകൾ ഉൽപ്പാദിപ്പിച്ചു, എത്ര എണ്ണം വിതരണം ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) 1983 നവംബർ മാസം മുതലാണ് കോർപ്പറേഷൻ പമ്പുസെറ്റ് ഉൽപ്പാദനം ആരംഭിച്ചത്.

(ബി) ഇതിനകം അറുനൂറ്റി എഴുപത്തൊന്ന് (671) "കേരാഗ്രോ" പമ്പുസെറ്റുകളുടെ ഉൽപ്പാദനം നടത്തുകയും ആയതിൽ നൂറുനൂറോളം സെറ്റുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ

1618. [2408] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ അഗ്രോ മെഷീനറി കോർപ്പറേഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) ഏതെല്ലാം തരത്തിലുള്ള ട്രാക്ടറുകളുടെ ഉൽപ്പാദനമാണ് ഇപ്പോൾ നടക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള അഗ്രോ മെഷീനറി കോർപ്പറേഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(1) പങ്കാളിത്തത്തിലെ അല്ലാതെയോ ഇൻഡ്യയിൽ ട്രാക്ടർ, പവർടില്ലർ, ഡീസൽ എഞ്ചിൻ, പമ്പുസെറ്റ് എന്നിവയും അവയുടെ അനുബന്ധ സാമഗ്രികളും സ്പെയർ പാർട്ടുകളും നിർമ്മിക്കുകയോ കൂട്ടിയിണക്കുകയോ ചെയ്യുക, അവ കമ്പനിയുടെ താൽപര്യത്തിനനുസൃത മായി തവണവ്യവസ്ഥയിലോ മുഴുവൻ വിലയ്ക്കോ അല്ലാതെയോ സമ്പാദിക്കുകയോ, വാങ്ങുകയോ കൊടുക്കുകയോ, വിൽക്കുകയോ, കയറ്റു മതി ചെയ്യുകയോ. ഇറക്കുമതി ചെയ്യുകയോ ചെയ്യുക.

(2) എല്ലാ തരത്തിലുമുള്ള എഞ്ചിനീയറിംഗ് വർക്കുഷോപ്പുകളും, റിപ്പെയർ ഷോപ്പുകളും സംഘടിപ്പിക്കുകയോ നടത്തുകയോ നടത്തിക്കുകയോ ചെയ്യുക. എല്ലാ തരത്തിലുമുള്ള വർക്കുഷോപ്പ് യന്ത്രങ്ങളും യന്ത്രോപകരണ ങ്ങളും, ലോഹങ്ങളും നിർമ്മിക്കുകയോ, ഇറക്കുമതി ചെയ്യുകയോ, കയറ്റു മതി ചെയ്യുകയോ, വാങ്ങുകയോ വിൽക്കുകയോ മറ്റു വിധത്തിൽ കൈകാര്യം ചെയ്യുകയോ ചെയ്യുക. കാർഷികമോ അല്ലാത്തതോ ആയ യന്ത്രസാമഗ്രി കളുടേയും ഉപകരണങ്ങളുടേയും ഉപഘടകങ്ങളുടേയും ആയുധങ്ങളുടേയും റിപ്പയറും, സർവ്വീസിംഗും ഏറ്റെടുത്തു നടത്തുക മുതലായവയാണ്.

(ബി) കാംകോ പവർടില്ലർ, കാംകോ റോട്ടോട്രാക്ടർ എന്നിവയുടെ ഉൽപ്പാദനമാണ് ഇപ്പോൾ കേരള അഗ്രോ മെഷീനറി കോർപ്പറേഷനിൽ നടക്കുന്നത്.

മൃഗാശുപത്രികൾ

1619. [2410] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ എത്ര മൃഗാശുപത്രികൾ ഉണ്ട് ;

(ബി) പുതിയതായി എവിടെയെല്ലാം മൃഗാശുപത്രികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) 605.

(ബി) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

പേവിഷബാധക്കെതിരായുള്ള കുത്തിവയ്പ്പ്

1620. [2412] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് മുഖേന 1985-86-ലും 1986-87-ൽ 25-10-1986 വരെ പേവിഷബാധക്കെതിരെ എത്ര പട്ടികളെ കുത്തിവച്ചു ;

(ബി) പട്ടികളെ കുത്തിവയ്ക്കാനുള്ള മരുന്ന് എല്ലാ മൃഗാശുപത്രി കളിലുമുണ്ടോ ;

(സി) ഇല്ലെങ്കിൽ പട്ടികളെ കുത്തിവെച്ച് പഞ്ചായത്തുകളിൽ നിന്ന് ലൈസൻസ് കിട്ടാൻ വിഷമം വരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly